Neutrals—Nil.

Mr. Speaker : Those for the amendment : 43
Those against : 52
Neutrals : Nil.

The amendment is lost.

ശ്രീ. ഇ. പി. ഗോപാലൻ : സർ, എന്റെ ഭേദഗതി അവതരിപ്പിച്ച ഞാൻ ഇവിടെ സംസാരിച്ചതായി ഇവിടെ രേഖപ്പെടുത്തിവച്ചിട്ടുണ്ട്. എന്റെ ഭേദഗതി വോട്ടിനിട്ടില്ല.

Mr. Speaker : I called upon the Members who had sent amendments to move their amendments. But at that time you were not in your seat and I marked that your amendment was not formally moved. Even though you spoke about the amendment, that does not mean you have formally moved the amendment. So that amendment cannot be put to vote.

The following motion moved by Shri K. K. Viswanathan namely :

"I move that an address be presented to the Governor that the Members of the Kerala Legislative Assembly thank him for the address delivered to the Members of the Legislative Assembly on the 24th January 1964," was put and carried.

LEGISLATIVE BUSINESS

The Kerala Co-operative Societies Bill, 1963.—(*Contd.*)

Mr. Speaker : Shri K. Krishna Pillai has moved an amendment that the Bill be circulated for eliciting public opinion. Shri P. Viswambharan was speaking in support of that. Now Shri Viswambharan can continue his speech.

ശ്രീ. പി. വിശ്വംഭരൻ : സർ, കേരള കോവാപ്പറേറീവു സൊസൈറ്റീസ് ബിൽ, പൊതുജനാഭിപ്രായത്തിനുവേണ്ടി സർക്കുലേറ്റു ചെയ്യണമെന്ന ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു കഴിഞ്ഞ ഒക്ടോബർ 25—ാംതീയതി ഞാൻ ഇവിടെ ചെയ്ത പ്രസംഗം തുടരുകയാണ്. ഈ ബില്ലിൽ സഹകരണ സംഘങ്ങളുടെ മൂലധനത്തിൽ ഗവണ്മെന്റു പങ്കുചേരുന്നതിനുള്ള വ്യവസ്ഥയെ അന്നു ഞാൻ അനുകൂലിക്കുകയുണ്ടായി. അതിനോടൊപ്പംതന്നെ, ഗവണ്മെന്റു മൂലധനം നിക്ഷിപ്തമാക്കുകയോ, അല്ലെങ്കിൽ മറ്റുവിധത്തിൽ ധനസഹായം ചെയ്യുകയോ ചെയ്യുന്ന സഹകരണസംഘങ്ങൾക്കുതന്നെ നിയന്ത്രണം ചെലുത്തുന്നതിനുള്ള ഈ ബില്ലിലെ ചില വ്യവസ്ഥകളെ ഞാൻ എതിർക്കുകയും ചെയ്തിരുന്നു. ഗവണ്മെൻറിന്റെ പണം ധാരാളമായി ഇപ്പോൾ സഹകരണ സംഘങ്ങളിൽ നിക്ഷേപിക്കപ്പെട്ടുവരികയാണ്. പല സഹകരണസംഘങ്ങളിലും ആ പണത്തെ സംബന്ധിച്ചിടത്തോളം ചോർച്ച ഉണ്ടാകുന്നുണ്ടെന്നുള്ളതും ശരിയാണ്. ആ നിലയ്ക്കു ഗവണ്മെൻറിന്റെ കൂടെ നിയന്ത്രണം ഇങ്ങനെയുള്ള സഹകരണസംഘങ്ങളുടെമേൽ ഉണ്ടായിരിക്കണം എന്നുള്ളതിനോടു ഞാൻ യോജിക്കുകയാണ്. പക്ഷേ, ആ നിയന്ത്രണം ഇന്നും പലതരത്തിൽ നടത്തിവരുന്നുണ്ട്. സഹകരണസംഘങ്ങളുടെ മാനേജിംഗ് കമ്മിറ്റിയിൽ, ഗവണ്മെൻറിനു വിശ്വാസമുള്ള ആളുകളെ നാമനിർദ്ദേശംചെയ്യുക, അതുകൂടാതെ, ആ സംഘങ്ങളുടെ സെക്രട്ടറിയായും, അതുപോലെ മറ്റ് എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാരായും ആളുകളെ ഗവണ്മെൻറു നിയമിക്കുക, മറ്റു പ്രധാനപ്പെട്ട ഉദ്യോഗങ്ങളിൽ ഗവണ്മെൻറുദ്യോഗസ്ഥന്മാരെ നിയമിക്കുക ഓഡിറ്റും, സൂപ്പർവിഷനും എല്ലാം ഭംഗിയായി നിർവ്വഹിക്കുക ഇതൊക്കെയാണ് ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. വിശ്വംഭരൻ]

സൊസൈറ്റികളിലെ ഗവണ്മെൻറുവക പണം ചോന്നുപോകാതെ ഗവണ്മെൻറ് അന്വേഷിച്ചു വന്നിട്ടുള്ള നടപടികളും. ഈ ബില്ലിൽ അങ്ങനെ ഗവണ്മെൻറിൻെറ പണം മുഖ്യധനമായോ. വായ്പയായോ, മറ്റുവിധത്തിലോ നിക്ഷിപ്തമായിട്ടുള്ള സഹകരണസംഘങ്ങളിലെ മാനേജിംഗ് കമ്മിറ്റിയിൽ മൂന്നിലൊന്നു ആളുകളും അല്ലെങ്കിൽ മൂന്നാളുകളുവരെ നാമനിർദ്ദേശം ചെയ്യപ്പെടാനുള്ള വ്യവസ്ഥചെയ്തിരിക്കുകയാണ്. ഇതിനുമുൻപ് അങ്ങനെ വ്യക്തമായ ഒരു വ്യവസ്ഥ ഇല്ലായിരുന്നു എന്നാണ് എൻെറ ഓർമ്മ. സഹകരണസംഘങ്ങളുടെ ബൈലായിൽ അതിനനുസരണമായ ഭേദഗതി വരുത്താൻ ഗവണ്മെൻറ് നിർദ്ദേശം കൊടുത്തിരിക്കുകയാണ്.....

ശ്രീ. സി. അച്യുതമേനോൻ : സർ, ശ്രീ. പി, ഗോപാലൻ ഈ നിയമസഭാഹാളിനു മുൻവശത്തു് നിരാഹാരസത്യാഗ്രഹം അനുഷ്ഠിക്കാൻ തുടങ്ങിയിരിക്കുകയാണ്. ഞങ്ങളും നിയമസഭയിൽ ഉന്നയിച്ച, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ അവിഹിതമായ നടപടികളെയും, അതിൻെറ അടിസ്ഥാനത്തിൽ അദ്ദേഹത്തിനു് അധികാരത്തിൽ തുടരാൻ അവകാശമില്ലെന്നുള്ള വാദഗതികളെയും അടിസ്ഥാനകാരണമാക്കിക്കൊണ്ടുതന്നെയാണ് ശ്രീ. ഗോപാലനും ഇന്നു സത്യാഗ്രഹം തുടങ്ങിയിരിക്കുന്നതു്. ഈ പരിതഃസ്ഥിതിയിൽ ഇന്നു് ഈ നിയമസഭയിൽ ഞങ്ങളും ഉണ്ടായിരിക്കുന്നതു ശരിയല്ല. ഞങ്ങളുടെ മനോവികാരങ്ങൾക്കു് അനുസൃതമായി ഞങ്ങളും നിയമസഭാ നടപടികളിൽ പങ്കെടുക്കാതെ പുറത്തുപോകുകയാണ്.

മി. സ്പീക്കർ : മി. ഗോപാലൻ നിരാഹാര സത്യാഗ്രഹം തുടങ്ങുന്നതായി എന്നെ അറിയിച്ചിട്ടില്ല.

(The Members of the Communisst Party then walked out of the House)

ശ്രീ. പി. നാരായണൻ തമ്പി : സർ, മി. ഗോപാലൻ, ധാർമ്മികമായ ഒരു ആദർശം സംരക്ഷിക്കാനായിട്ടാണ് ഇപ്പോഴും സത്യാഗ്രഹം അനുഷ്ഠിക്കാൻ തുടങ്ങിയിരിക്കുന്നതെന്നു ഞങ്ങൾക്കു മനസ്സിലായിരിക്കുന്നതാണു്, അദ്ദേഹത്തിനു് ഞങ്ങളുടെ ധാർമ്മികമായ പിൻതുണ നൽകുന്നതിൻെറ സൂചനയായി എൻെറ പാർട്ടിയിൽപ്പെട്ടവരും ഇന്നത്തെ സഭാ നടപടികളിൽ പങ്കെടുക്കുന്നില്ലെന്നുള്ള അഭിപ്രായത്തോടു യോജിക്കുകയാണ്.

ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ : സർ, ഈ നടപടിയിൽ ധാർമ്മികമായി ഒന്നും ഉള്ളതായി തോന്നാത്തതുകൊണ്ടു് ഇവിടെ ഇരുന്നു് ഈ ബില്ലിൻെറ ചർച്ചയിൽ പങ്കുകൊള്ളണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നതു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : സർ, ബഹുമാനപ്പെട്ട ഗോപാലൻ ഗൗരവതരമായ ഒരു സ്റ്റേറ്റുമെൻറു നടത്തിയിട്ടു ഇവിടെനിന്നു പുറത്തുപോകുകയും, നിയമസഭാ മന്ദിരത്തിനു മുൻവശത്തു് നിരാഹാര സത്യാഗ്രഹം ആരംഭിക്കുകയും ചെയ്തിരിക്കുകയാണ്. വാസ്തവത്തിൽ നമ്മുടെ സംസ്ഥാനം വളരെ ഗൗരവമായ ഒരു പ്രതിസന്ധിഘട്ടത്തിലേക്കു നീങ്ങുകയാണ്. ഈ അവസരത്തിൽ ഈ നിയമസഭാ നടപടികളും എങ്ങനെ തുടരാൻ സാധിക്കും ? മി. ഗോപാലനോടുള്ള അനുഭാവം പ്രകടിപ്പിക്കുന്നതിനു് എൻെറ പാർട്ടി, മറ്റു പ്രതിപക്ഷങ്ങളോടു ചേർന്നു് ഇവിടെ ഇരിക്കാൻ തയ്യാറില്ലാതെ തൽക്കാലം പുറത്തുപോകാൻ ആഗ്രഹിക്കുന്നു.

(The Members belonging to the Praja Socialist Party and the Muslim League Party then walked out.)

ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ : സർ, ഈ ബില്ലു് സെലക്ടു കമ്മിറ്റിക്കയയ്ക്കണമെന്നുള്ള പ്രമേയത്തെ അനുകൂലിച്ചുകൊണ്ടു ചില സംഗതികളും ഈ സഭയുടെ മുൻപാകെ വയ്ക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതിനു മുൻപും ഇതുപോലുള്ള സംഭവങ്ങളും ഈ നിയമസഭയിൽ കണ്ടിട്ടുണ്ടു്. ഈ ഗവണ്മെൻറിനെ മറിക്കാൻവേണ്ടി പല കൗശലങ്ങളും പ്രയോഗിക്കുന്ന ബഹുമാന

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ട പ്രതിപക്ഷത്തിരിക്കുന്ന മെമ്പറന്മാർക്ക് ഇങ്ങനെയൊരു ആഗ്രഹപ്രകടനത്തിനു സമയംകിട്ടിയതു്, ഇത്തരത്തിലുള്ള ആഭാസപ്രകടനംമൂലം—ഒരു ഇറങ്ങിപ്പോക്കുമൂലം—ഉപയോഗിച്ചു എന്നു മാത്രമേ ചൂണ്ടിക്കാണിക്കുന്നുള്ളു.

സർ, ഈ ബില്ലിനെ സംബന്ധിച്ചു് കഴിഞ്ഞ നിയമസഭയിൽ, സഹകരണവകുപ്പുമന്ത്രി ബില്ൽ അവതരിപ്പിച്ചുകൊണ്ടു് സെലക്ട് കമ്മിറ്റിക്കു് അയയ്ക്കണമെന്നു് ഉപക്ഷേപം അവതരിപ്പിച്ചതിനെപ്പറ്റി ചർച്ച നടക്കുകയായിരുന്നു. സഹകരണ നിയമങ്ങൾക്കു ഒരു കോ—ഓർഡിനേഷൻ വരുത്തുന്നതിനു് സമഗ്രമായ ഒരു ബിൽ അവതരിപ്പിക്കുമെന്നു് അന്നുതന്നെ വ്യക്തമാക്കിയിരുന്നു.

സഹകരണസംഘങ്ങളുടെ എല്ലാ ആവശ്യങ്ങളെയും കണക്കിലെടുത്തുകൊണ്ടു് ഈ ബില്ലു സെലക്ട് കമ്മിറ്റി ചർച്ചചെയ്യുന്ന അവസരത്തിൽ ഇവിടെ മുൻപു പ്രകടിതമായിട്ടുള്ള എല്ലാ കാര്യങ്ങളും പരിഗണിച്ചു് റിപ്പോർട്ടു് അവതരിപ്പിക്കണമെന്നു് ആദ്യമായി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു.

സർ, ഈ ബില്ലിൽ കോവാപ്പറേറ്റീവു് ഈയർ കണക്കാക്കുന്നതു്, ജൂലൈ മുതൽ അടുത്ത ജൂൺവരെയാണു്. സാമ്പത്തികവർഷം മറ്റു കാര്യത്തിൽ സ്വീകരിക്കുന്നതുപോലെ സഹകരണവർഷവും ജൂൺ മുതൽ ജൂലൈ എന്നുള്ളതു മാറ്റി സാമ്പത്തിക വർഷമായി അംഗീകരിക്കാൻ ഈ ബില്ലിൽ ആവശ്യമായ പ്രൊവിഷൻ ഉണ്ടാക്കണമെന്നുള്ള നിർദ്ദേശം ഞാൻ ആദ്യമായി വയ്ക്കുകയാണു്.

സർ, 1952—ലെ സഹകരണ ആക്ടിൽ 25 ആളുകൾ ചേർന്നു് ഒരു സംഘം രജിസ്റ്റർചെയ്യാൻ ആവശ്യപ്പെട്ടാൽ അനുവദിക്കാമെന്ന വ്യവസ്ഥ ചെയ്തിരുന്നു. ഇതിൽ പത്താളുകൾ ഒന്നിച്ചു അപേക്ഷിച്ചാൽ സഹകരണസംഘം രജിസ്റ്റർ ചെയ്യാമെന്നുള്ള വ്യവസ്ഥയാണുള്ളതു്. 25 ആളുകൾക്കു പകരം, 10 ആളുകൾ യോജിച്ചുകൊണ്ടു ഏതെങ്കിലും സഹകരണപ്രസ്ഥാനം വിജയിപ്പിക്കാൻ ശ്രമിക്കുകയും, സംഘം രജിസ്റ്റർചെയ്യാൻ ആവശ്യപ്പെടുകയും ചെയ്താൽ അനുവദിക്കണമെന്നുള്ള വ്യവസ്ഥ സ്വീകാര്യമാണെന്നാണു് എന്റെ അഭിപ്രായം. അതുപോലെതന്നെ സെക്ഷൻ 7, ക്ലാസ് 7 സബ് ക്ലാസ് 3—ൽ പറഞ്ഞിരിക്കുന്നതു ഇതാണു്.

"An application for registration of a society shall be disposed by the Registrar within 3 months from date of receipt of the application."

1952—ലെ ആക്ടുമായി നോക്കുമ്പോൾ വളരെ പുരോഗമനാത്മകമായ, സ്വാഗതാർഹമായ വകുപ്പുകളാണു് ഇതെന്നു ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണു്. ഈ വകുപ്പിനെ സംബന്ധിച്ചു പറയുമ്പോൾ നമ്മുടെ നാട്ടിൽ നിലവിലിരിക്കുന്ന സഹകരണസംഘ പ്രവർത്തനത്തെ സംബന്ധിച്ചു ചില കാര്യങ്ങൾ സഭാ മുമ്പാകെ വയ്ക്കുവാൻ ഞാനാഗ്രഹിക്കുകയാണു്. കാരണം ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യാൻ അപേക്ഷ കൊടുത്താൽ ഒന്നും രണ്ടും വർഷം ചില സാങ്കേതിക കാരണങ്ങൾ പറഞ്ഞുകൊണ്ടു രജിസ്റ്റർ ചെയ്യാൻ സമ്മതിക്കാതെ നീട്ടിക്കൊണ്ടുപോകുന്ന പതിവുണ്ടു്. അതിനു പകരം ആപ്ലിക്കേഷൻ കൊടുത്താൽ മൂന്നുമാസത്തിനകം ആ ആപ്ലിക്കേഷനെ സംബന്ധിച്ച അഭിപ്രായം രേഖപ്പെടുത്തി ആപ്ലിക്കേഷൻ ഡിസ്പോസ് ചെയ്യണമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഇന്നു സാങ്കേതിക കാരണങ്ങൾ പറഞ്ഞു സഹകരണ ഡിപ്പാർട്ടുമെന്റിൽനിന്നു രജിസ്ട്രേഷനു താമസിപ്പിക്കുന്ന സ്ഥിതി ഇല്ലാതാക്കാൻ ഈ വകുപ്പു വളരെ ഉപകാരപ്രദമായിരിക്കുമെന്നു പറയുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണു്. അങ്ങനെ നമ്മുടെ നാട്ടിൽ ചില സാങ്കേതിക കാരണങ്ങളുടെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ തുടങ്ങിയ കാര്യങ്ങൾ നീട്ടിക്കൊണ്ടിരുന്ന സ്ഥിതിവിശേഷം ഇല്ലാതാക്കി സഹകരണ പ്രവർത്തനങ്ങളെ മുന്നോട്ടു കൊണ്ടുവരുന്നതിനെ പ്രോത്സാഹിപ്പിക്കുവാനുള്ള എല്ലാ സാഹചര്യങ്ങളും ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. അങ്ങനെ മൂന്നു മാസത്തിനകം ആപ്ലിക്കേഷൻ ഡിസ്പോസ് ചെയ്യുന്നതിനു വ്യവസ്ഥ വച്ചിട്ടുണ്ടെങ്കിലും ഏതെങ്കിലും കാരണവശാൽ രജിസ്ട്രേഷൻ നിഷേധിക്കുകയാണെങ്കിൽ ആ ആപ്ലിക്കേഷനെ സംബന്ധിച്ചു ഒന്നും പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോജ്ജ് ജോസഫ് പൊടിപ്പാറ]

52—ലെ ബില്ലിൽ അങ്ങനെയൊരു വ്യവസ്ഥയുണ്ട്. അതിൽ ഗവണ്മെൻറിലേയ്ക്ക് അപ്പീൽ കൊടുക്കുവാൻ ഉള്ള വ്യവസ്ഥകൂടി ഉണ്ട്. അങ്ങനെയുള്ള വ്യവസ്ഥ ഇതിലുംകൂടി ഉൾപ്പെടുത്തണമെന്നു ഞാൻ പ്രത്യേകം അഭ്യർത്ഥിക്കുകയാണു്. അതുപോലെതന്നെ 52—ലെ ബില്ലിൽ സെക്ഷൻ പത്തിൽ ഓവർലാപ്പിംഗ് ജൂറിസ്ഡിക്ഷനിലുള്ള സൊസൈറ്റികളെപ്പറ്റി പറഞ്ഞിരുന്നു. അങ്ങനെ ഓവർലാപ്പിംഗ് ജൂറിസ്ഡിക്ഷൻ കാരണം പ്രവർത്തിക്കാൻ സാദ്ധ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ അങ്ങനെയുള്ള സൊസൈറ്റികളുടെ രജിസ്ട്രേഷൻ നിഷേധിക്കുവാൻ അവകാശം പഴയ ബില്ലിൽ ഉണ്ടായിരുന്നു. പഴയ ബില്ലിലെ സെക്ഷൻ 10 പ്രകാരം ഓവർലാപ്പിംഗ് ജൂറിസ്ഡിക്ഷൻകൊണ്ടു് ഒരു സഹകരണസംഘത്തിന്റെ പ്രവർത്തന മേഖലയിൽ പല രൂപത്തിലുള്ള സഹകരണസംഘങ്ങളും പ്രവർത്തിക്കുന്നതുകൊണ്ടു് സാമ്പത്തികമായി പ്രവർത്തിക്കുവാനുള്ള കഴിവു രണ്ടു സഹകരണസംഘങ്ങൾക്കും ഇല്ലാതാവുക സ്വാഭാവികമാണെന്നും അതിന്റെ ഫലമായി രണ്ടു സഹകരണസംഘങ്ങളും പ്രവർത്തനരഹിതമായിതീരാൻ ഇടയുണ്ടെന്നും ഉള്ളതിനെ പരിഗണിച്ചു അങ്ങനെ വരുന്ന സൊസൈറ്റികളുടെ രജിസ്ട്രേഷൻ നിഷേധിക്കുവാൻ അധികാരം നൽകിയിരുന്നു. ഇതിൽ അടങ്ങിയിരിക്കുന്ന സ്പിരിറ്റു് പ്രത്യേകമായി വീക്ഷിച്ചുകൊണ്ടു് ഈ കാര്യംകൂടി സെലക്ടു കമ്മിറ്റി സ്റ്റേജിൽ പരിശോധിക്കണമെന്നു അഭ്യർത്ഥിക്കുകയാണു്. പഴയ ബില്ലിൽനിന്നും വളരെ പുരോഗമനപരമായ പല കാര്യങ്ങളും ഈ ബില്ലിൽ ഉണ്ടു്. ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുകയാണു്.

ശ്രീ. വയലാ ഇടിക്കുള : സർ, ഇൻഫർമേഷനുവേണ്ടി ഞാൻ ഒരു കാര്യം ചോദിക്കുകയാണു്. ശ്രീ. ഗോപാലനെ കുറെ ദിവസങ്ങളായി ഞാൻ ശ്രദ്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്റെ അഭിപ്രായത്തിൽ അദ്ദേഹത്തിനു എന്തോ അസുഖമുണ്ടെന്നു.....

മി. സ്പീക്കർ : ഇതിൽ ഒരു ഇൻഫർമേഷനുമില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : സർ, ഇന്നത്തെ സഹകരണ പ്രസ്ഥാനത്തിൽ വളർന്നുവരുന്ന ചിന്താഗതിക്കു് എതിരെയുള്ള ഒരു ഒഴുക്കു ഈ ബില്ലിൽ ഉടനീളം നിഴലിച്ചു കാണുന്നുണ്ടെന്നാണെന്റെ അഭിപ്രായം. ഇതുമായി ബന്ധപ്പെട്ടിട്ടുള്ള ഭരണസമ്പന്നന്മാരായ ഉദ്യോഗസ്ഥന്മാരുടെ സഹകരണപ്രസ്ഥാനത്തിൽ ഔദ്യോഗികമായിട്ടുള്ള കൈകടത്തൽ വളരെകുറച്ചു് അതൊരു അനൗദ്യോഗിക പ്രസ്ഥാനമായി വളർത്തിക്കൊണ്ടുവരണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്. എങ്കിൽമാത്രമേ പൊതുജനങ്ങളും ഗവണ്മെൻറും തമ്മിൽ യഥാർത്ഥമായിട്ടുള്ള സഹകരണത്തോടുകൂടി ജനാധിപത്യരീതിയിൽ, അല്ലെങ്കിൽ സ്റ്റേറ്റു മുതലാളിത്വത്തിന്റെയും സ്വകാര്യമുതലാളിത്വത്തിന്റെയും ഇടയിലുള്ള ഒരു പ്രസ്ഥാനമായി ഇതിനു വളർന്നു വരാൻ കഴിയുകയുള്ളു. എന്നാൽ ആവുന്നിടങ്ങളിലെല്ലാം തന്നെ ഇതിലെ വകുപ്പു പരിശോധിച്ചാൽ, അല്ലെങ്കിൽ അതു ഇതേരൂപത്തിൽ നിലവിൽ വരികയാണെങ്കിൽ ഈ സഹകരണപ്രസ്ഥാനം ഒരു ഗവണ്മെൻറു ഡിപ്പാർട്ടുമെൻറായി അധഃപതിക്കുമോ എന്നുംകൂടി ഞാൻ സംശയിക്കുകയാണു്. ഇതിൽ എത്രത്തോളം ഗവണ്മെൻറു ഇടപെടണമെന്നുള്ളതിനെപ്പറ്റി പ്ലാനിംഗ് കമ്മീഷൻതന്നെ കാര്യമായി ആലോചിച്ചുകൊണ്ടു് വസ്തുതകൾ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ഈ പ്രസ്ഥാനത്തെസംബന്ധിച്ചു നമ്മുടെ മുമ്പിലും ഒന്നുരണ്ടു പ്രധാന വിഷയങ്ങളും ഉണ്ടു്. അവയിൽ ഒന്നു ഇന്നു പല സംഘങ്ങൾക്കുംതന്നെ കാര്യമായി പ്രവർത്തിക്കത്തക്കവിധത്തിൽ മൂലധനത്തിന്റെ അഭാവം ഉണ്ടെന്നുള്ളതാണു്. സ്വയം കാലിൽ എഴുന്നേറു നില്ക്കുവാൻ കഴിയുന്നതുവരെ സഹകരണസംഘങ്ങൾക്കു മൂലധനം എങ്ങനെ ഉണ്ടാകുമെന്നുള്ളതു പ്രധാനപ്രശ്നമണു്. ഇതിനെ സംബന്ധിച്ചു അന്വേഷിച്ച റിസർവ്വു് ബാങ്കിന്റെ ഒരു എക്സ്പേർട്ടു രേഖപ്പെടുത്തിയിട്ടുള്ള റൂറൽ ക്രെഡിറ്റു റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളതു് ഗവണ്മെൻറു അത്തരം സഹകരണ സംഘങ്ങൾക്കു മൂലധനം നൽകി പ്രോത്സാഹിപ്പിക്കണമെന്നാണു്. അങ്ങനെ പ്രോത്സാഹിപ്പിക്കുമ്പോൾ ഗവണ്മെൻറു ഇടപെടൽ കൂടാതെങ്ങനെ കഴിയുമെന്നുള്ളതാണു്

LIBRARY ARCHIVES Kerala Legislative Assembly

അതിൽനിന്നും ഉത്ഭവിക്കാവുന്നപ്രശ്നം. ഇതിനെപ്പറ്റിയും പ്ലാനിംഗ് കമ്മീഷൻ ചർച്ചചെയ്തിട്ടുണ്ട്. ആവശ്യമായ മിക്കകേളിൽ ഗവണ്മെൻറ് സംഘങ്ങൾക്ക മൂലധനം നൽകി ശക്തിപ്പെടുത്തണമെന്നുള്ള കാര്യത്തിൽ അഭിപ്രായവ്യത്യാസം ഇല്ല. പക്ഷേ പ്ലാനിംഗ് കമ്മീഷൻ പറയുന്നതു അങ്ങനെയുള്ള സംരംഭം വരുമ്പോഴും അതു കേന്ദ്ര ബാങ്കു മുഖേനവേണം, ഗവണ്മെൻറ് നേരിട്ട ചെയ്യരുതെന്നാണു്. ഗവണ്മെൻറ് ഒരു സംഘത്തിൻെറ ഓഹരി മൂലധനമായും സഹായധനമായും പ്രവർത്തന മൂലധനമായും അതിൻെറ പ്രവർത്തനത്തിനു മറ്റു ഉന്നത സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന കടങ്ങൾക്ക ഗ്യാരൻറികൊണ്ടു സഹായിക്കുമ്പോഴും ഇത്തരം സംഘങ്ങൾക്കു, അതിൻെറ (പ്രവർത്തനത്തിനു) ഗവണ്മെൻറിൻെറ ഒരു മേൽനോട്ടം, ഒരു പങ്കു്, ആവശ്യമല്ലേ എന്നു ചോദിച്ചാൽ അതിനെ നിഷേധിക്കുവാൻ സാധിക്കുകയില്ല. അതിനെ ഉദ്ദേശിച്ചുകൊണ്ടായിരിക്കണം അങ്ങനെ സംഘങ്ങൾക്ക മൂലധനം ഇറക്കി സഹായിക്കണമെന്നും അത്തരം സംഘങ്ങളുടെ കാര്യം മേൽനോട്ടം ചെയ്യുന്ന ഗവണ്മെൻറ് നോമിനേറ്റു ചെയ്യുന്ന ഡയറക്ടർ ആയിരിക്കണമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നതു്. ഞാൻ നേരത്തെ പറഞ്ഞതുതന്നെയാണു്, പ്ലാനിംഗ് കമ്മീഷൻെറയും അഭിപ്രായം. ഗവണ്മെൻറ് വ്യക്തമായി പറഞ്ഞിരിക്കുന്ന ഗവണ്മെൻറ് അങ്ങനെ സഹായിക്കുകയാണെങ്കിൽപോലും അവരുടെ പ്രാതിനിധ്യം വേണമെന്നു നിർബന്ധമില്ല എന്നു്. അഥവാ നിർബന്ധം ഉണ്ടെങ്കിൽതന്നെ അതിനു അധികാരം കേന്ദ്ര ബാങ്കിനെ ഏല്പിക്കുകയാണു് വേണ്ടതെന്നു്. അതിൽ അടങ്ങിയിരിക്കുന്ന തത്വം ഗവണ്മെൻറിൻെറ ഇടപെടൽ നേരിടാൻ പാടില്ല. സെൻട്രൽ ബാങ്കിനേറതേപാടുള്ളു എന്നാണു്. അത്തരം പ്രവർത്തനങ്ങൾവഴി ഗവണ്മെൻറിനു പ്രവർത്തിക്കുവാൻ കഴിയുമോ? അതിനനുസരിച്ചു ഇന്നത്തെ കരടു ബില്ലിലെ വ്യവസ്ഥകളും ഭേദഗതിചെയ്യാൻ സാധിക്കുമോഎന്നുള്ളതും സെലക്ടു കമ്മിറ്റി കാര്യമായി പരിഗണിക്കേണ്ടതുണ്ടെന്നാണു് എൻെറ അഭിപ്രായം.

മറെറാന്നു ഈ പ്രസ്ഥാനത്തിൻെറ അനൗദ്യോഗികമായിട്ടുള്ള പ്രവർത്തനം ശക്തിപ്പെടുത്തണമെങ്കിൽ എന്താണു് വഴി എന്നുള്ളതാണു്. തീർച്ചയായിട്ടും പ്ലാനിംഗ് കമ്മീഷൻെറ പേരിൽ പ്രാദേശികനിലവാരംമുതൽ സ്റ്റേറ്റുനിലവാരംവരെ സഹകരണയൂണിയനുകളെ ശക്തിപ്പെടുത്തുക എന്നുള്ളതാണു്. ദൗർഭാഗ്യമെന്നു പറയട്ടെ സഹകരണയൂണിയൻെറ ഘടനയെപ്പറ്റിയോ നിലനില്പിനെപ്പറ്റിയോ അധികാരത്തെപ്പറ്റിയോ ഒരു വാക്കുപോലും ഈ നിയമത്തിൽ കാണുന്നില്ല എന്നുള്ളതാണു് എനിക്കു പ്രത്യേകം എടുത്തുപറയുവാനുള്ള ഒരു കാര്യം. അങ്ങനെയാണെങ്കിൽ ഈ ബിൽ നിയമമായിവരുമ്പോഴും ഇന്നു നിർജ്ജീവമായി പ്രവർത്തിക്കുന്ന യൂണിയനുകളും പോലും അസ്തമിച്ചുപോകുകയില്ലയോ എന്നാണു് ഞാൻ ഭയപ്പെടുന്നതു്. യഥാർത്ഥത്തിൽ ഒരു അനൗദ്യോഗിക പ്രസ്ഥാനമായി ഇതിനെ വളർത്തിയെടുത്തുകൊണ്ടുവരണമെന്നു ഉദ്ദേശമുണ്ടെങ്കിൽ ഈ യൂണിയനുകളെ സംബന്ധിച്ചു നിയമപരമായിട്ടുള്ള ഒരു വ്യവസ്ഥതന്നെ പൊതുവിലെങ്കിലും ആവശ്യമാണെന്നാണു് എൻെറ അഭിപ്രായം. അതിൻെറ ഘടനയെപ്പറ്റി മറു വിശദാംശങ്ങളെപ്പറ്റി ഒന്നും ഈ നിയമത്തിൽ ചർച്ച ചെയ്യുന്നില്ലെങ്കിലും അവരുടെ അവകാശങ്ങൾക്ക പൊതുവേ നിയമ സാധുത നൽകുന്ന എന്തെങ്കിലും വകുപ്പു ഇതിൽ ഉൾക്കൊള്ളിക്കുമോ എന്നുള്ളതിനെപ്പറ്റി ഗവണ്മെൻറ് കാര്യമായി ചിന്തിക്കണം.

മറെറാന്നു എനിക്കു പറയുവാനുള്ളതു സഹകരണസംഘങ്ങളുടെ കാര്യമായ നടത്തിപ്പിനെ പരിശോധിക്കുവാനുള്ള ഉദ്യോഗസ്ഥന്മാരെപ്പറ്റിയാണു്. ആഡിറ്റു എന്നുപറയുമ്പോഴും നാം വളരെ ശ്രദ്ധിക്കണം. സഹകരണസംഘങ്ങളുടെ മേൽനോട്ടം വഹിക്കുന്ന രജിസ്ട്രാർതന്നെയാണു് ആഡിറ്റു വിഭാഗത്തിൻേറയും മേൽനോട്ടം വഹിക്കുന്നതെങ്കിൽ അതു എത്രത്തോളം ശരിയായിരിക്കുമെന്നുള്ള വസ്തുത ഈ ബില്ലിൽ അതു കാര്യമായിട്ടു പരിഗണിച്ചിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഇതിൽ 60–ാംവകുപ്പിൽ പറയുന്നതു്

"The Registrar shall audit or cause to be audited by a person authorised by him by general or special order in writing in this behalf, the accounts of every co -operative society at least once in each year."

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. നാരായണക്കുറുപ്പ്]

എന്നാണ്, നമുക്കറിയാം ഇന്ന് ഗവണ്മെന്റിൽ, സ്റ്റോറു നിലവാരത്തിൽ അഖിലേന്ത്യ നിലവാരത്തിൽ ധനപരമായിട്ടുള്ള കാര്യങ്ങളിൽ നിഷ്പക്ഷവും സ്വതന്ത്രവുമായിട്ടുള്ള ഒരു ആഡിറ്റുവിഭാഗം പ്രവർത്തനത്തിലുള്ളതിനെ നിലനിറുത്തേണ്ടതാണ് എന്ന്. നമ്മുടെ ഉദ്ദേശം സഹകരണ വിഭാഗങ്ങളുടെ രേണം കാര്യക്ഷമമായി നടത്തുകയെന്നുള്ളതാണെങ്കിൽ, അതിലുള്ള ധനവിനിയോഗത്തെപ്പറ്റി സൂക്ഷ്മമായി പരിശോധിക്കുകയെന്നുള്ളതാണെങ്കിൽ, ആ സംഘത്തിന്റെ രേണത്തിലുള്ള നേട്ടങ്ങളെ അല്ലെങ്കിൽ കോട്ടങ്ങളെ, കണ്ടുപിടിക്കുന്നതിന് ആ വിഭാഗത്തിലെ മേലദ്ധ്യക്ഷനെ ആഡിറ്റു വിഭാഗത്തിലെ മേലദ്ധ്യക്ഷനാക്കാതെ മറ്റേതെങ്കിലും ഒരാളെ ആക്കേണ്ടതാണ്. എങ്കിലേ ന്യായമായിട്ടുള്ള ഫലം ഉളവാക്കുകയുള്ളൂ.

മറ്റൊരു സംഗതികൂടി ഈ സന്ദർഭത്തിൽ എനിക്ക് സൂചിപ്പിക്കുവാനുണ്ട്. പല സഹകരണസംഘങ്ങളിലും അതിലെ സെക്രട്ടറിയായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻ സഹകരണഡിപ്പാർട്ടുമെന്റിലെ ഒരാളായിരിക്കും. പലപ്പോഴും അത് ഡെപ്യൂട്ടിരജിസ്ട്രാറുടെ പദവിയിലുള്ള ആളായിരിക്കും. ആഡിറ്റു ചെയ്യുന്ന ഉദ്യോഗസ്ഥനെക്കാൾ താണ ഒരു ഉദ്യോഗസ്ഥനെ ഇന്നല്ലെങ്കിൽ നാളെ ബോഡ്ഡ് എടുക്കേണ്ടുന്ന പരിതഃസ്ഥിതി വന്നാൽ എത്രത്തോളം ആ ആഡിറ്റു നിഷ്പക്ഷവും കാര്യക്ഷമവുമായിതീരുമെന്ന് അനുഭവത്തിൽനിന്ന് എനിക്കറിയാൻ സാധിക്കും. അതാണ് ഞാൻ പറയുന്നത് ആഡിറ്റുവിഭാഗം പ്രത്യേകം ഒരു വിഭാഗമല്ലെങ്കിലും, ഒരു ആഡിറ്റുവിഭാഗത്തിന്റെ മേലദ്ധ്യക്ഷന്റെ കീഴിൽ സാധാരണയായി ഒരു വിഭാഗം പ്രവർത്തിക്കണമെന്ന്. അങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരെ ബോർഡു വച്ചിരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ കീഴിലാക്കാൻ പാടില്ല. അക്കാര്യത്തിലും കാര്യമായിട്ടുള്ള ഒരു വിട്ടുവീഴ്ച, അല്ലെങ്കിൽ ആ തത്വം എത്രത്തോളം പ്രായോഗികതയിൽ കൊണ്ടുവരാമെന്നുള്ളതിനെപ്പറ്റിയും സെലക്ട്കമ്മിറ്റി കാര്യമായിപരിശോധിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. വേറെപല പുതിയവ്യവസ്ഥകളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്, പല ന്യൂനതകളും പരിഹരിക്കാൻ. പക്ഷെ ഞാൻ ഇവിടെ സൂചിപ്പിച്ചത് രണ്ടുമൂന്ന് പ്രധാനമായിട്ടുള്ള സംഗതികളെക്കുറിച്ചുമാത്രമാണ്. സഹകരണസംഘങ്ങളുടെ നടത്തിപ്പിലും, അല്ലെങ്കിൽ അവയിൽകൂടി പണം കൊടുക്കുന്നതിലും എല്ലാം കോടതിക്കുള്ള അധികാരം, ആർബിട്രേഷനാണ്. ഞാൻ അതിന് എതിരല്ല. കാര്യങ്ങൾ പെട്ടെന്ന നടത്തുന്നതിനുവേണ്ടിയാണ് ആർബിട്രേഷനു് അധികാരം കൊടുത്തിരിക്കുന്നത്. പക്ഷെ ആ ഉദ്ദേശത്തിന് എതിരായിട്ടുള്ളതാണ് അതിലെ അനുഭവം എന്ന്. സഭ ഓർമ്മിക്കുന്നത് നല്ലതാണ്. സഹകരണസംഘങ്ങൾക്ക് വസൂലാക്കാനുള്ള പണത്തിന് കേസ് കൊടുക്കലും, വിധിപറയലും, എല്ലാം ആർബിട്രേഷനിൽകൂടിയായാൽ, പെട്ടെന്ന് കിട്ടേണ്ടപണം വസൂലാക്കാമെന്ന് വെച്ചാണ് ആർബിട്രേഷനിൽ അധികാരം കൊടുത്തിരിക്കുന്നത്. പക്ഷെ ഇന്നത്തെ ദയനീയമായ നില എന്താണ്? എല്ലാ സഹകരണസംഘങ്ങളിലും ആർബിട്രേഷൻവഴി ഇനിയും കുടിശ്ശിക വസൂലാക്കാനുണ്ട് എന്നുള്ള പർച്ചുകാണും കൊല്ലങ്ങളും കഴിഞ്ഞാലും അവിടെ കൊടുക്കുന്ന അപേക്ഷകളിൽ ഒരു തീരുമാനവും ഉണ്ടാകാതെ കിടക്കും. ആവശ്യമായ സ്റ്റാഫിന്റെ കുറവുകൊണ്ടാണോ, അതോ മറ്റു വല്ല സംഗതിയാലാണോ ഇങ്ങനെ കാലതാമസം വരുന്നതെന്ന് എനിക്കറിഞ്ഞുകൂടാ. ഏതായാലും ഇതിന്റെ ഫലമായി ഓവർഡ്യൂസ് വരുന്നുണ്ട്.

സഹകരണസംഘങ്ങളിൽനിന്നും കടം എടുക്കുന്നതിനു് പല വിഷമങ്ങളുമുണ്ട്. പണം കടം എടുത്താൽ കുറച്ചുള്ളകാലം കൃത്യമായിട്ട് അതു് തിരിച്ചടയ്ക്കും. പിന്നീടവർ അടയ്ക്കുകയുമില്ല. അങ്ങനെ ഓവർഡ്യൂസായാൽ അതു് പിരിക്കുവാൻ ഉദ്യോഗസ്ഥന്മാർ തയ്യാറാകുന്നില്ല. കുടിശ്ശിക വരുത്തിയാൽ, കുടിശ്ശിക വരുത്തിയവർക്കും കടം കൃത്യമായി തിരിച്ചടച്ചവർക്കുമെല്ലാം വീണ്ടും കടം കിട്ടുന്നതിനു് വിഷമം ഉണ്ടാകും. അങ്ങനെയുള്ള ഒരു പരിതഃസ്ഥിതി കൂടി ഇന്നു നിലവിലുണ്ട്. അതുകൊണ്ട് കുടിശ്ശികപിരിക്കുന്നതിനു് ആർബിട്രേഷനെ ഏല്പിക്കുന്നതിനെപ്പറ്റി ഗവണ്മെന്റു് ആലോചിക്കേണ്ടതാണ്. നമ്മുടെ എല്ലാ നേതാക്കന്മാരും, മാത്രമല്ല പ്രധാനമന്ത്രി മുതൽ പറഞ്ഞിട്ടുണ്ട് അനൗദ്യോഗിക

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്ഥാനത്തിന്റെ പുരോഗതിക്കു ഗവണ്മെന്റു സഹായിക്കുകയും അതേസമയം കഴിയുന്നതും ഇടപെടലുകൾ എല്ലാ അവസരങ്ങളിലും കുറയ്ക്കണമെന്നുമാണു്. ഇന്നു് ഇവിടെ കൊണ്ടുവന്നിരിക്കുന്ന ബില്ലിൽ ഇടപെടലുകൾ അധികമുണ്ടു്. അതു് കുറയ്ക്കുന്നതിനുള്ള പരിതഃസ്ഥിതിയിൽ ഭേദഗതിചെയ്യാൻ സെലക്ടു കമ്മിറ്റി കാര്യമായി പരിഗണിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവ സാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എൻ. ഭാസ്കരൻനായർ : സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. എനിക്കു് ഈ അവസരത്തിൽ സഹകരണസംഘങ്ങളെ സംബന്ധിച്ചു് ചില കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ടു്. പൊതുവായി എല്ലാ മേഖലകളിലും സഹകരണസംഘങ്ങൾ ചെന്നെത്തിയിരിക്കുന്ന ഒരു കാലഘട്ടത്തിൽ അതിന്റെ ശരിയായ പ്രവർത്തനം നടത്തണമെങ്കിൽ ചില വ്യത്യാസങ്ങൾ ഇന്നിരിക്കുന്ന നിയമത്തിൽ വരുത്തണമെന്നു് കാണാവുന്നതാണു്. വളരെമുമ്പുകാലങ്ങളിൽ അന്നത്തെ സാഹചര്യം അനുസരിച്ചു് പാസാക്കിയ നിയമം കാലാനുസൃതമായി പ്രയോഗത്തിൽ എത്തിയിരിക്കുന്ന ഈ കാലഘട്ടത്തിൽ അതിൽ ചില മാറ്റങ്ങൾ വരുത്തുന്നതു് സഹകരണസംഘങ്ങൾക്കു് വളരെയേറെ പ്രയോജനം ചെയ്യുമെന്നു കാണാവുന്നതാണു്. ഇന്നു് സഹകരണസംഘങ്ങൾ പൂർണ്ണമായും മനുഷ്യജീവിതത്തിലുള്ള എല്ലാ മേഖലകളിലും കടന്നിരിക്കുകയാണു്. ഇൻഡസ്ട്രിയൽ സൊസൈറ്റി, അഗ്രിക്കൾച്ചറൽ സൊസൈറ്റി, എന്നിങ്ങനെ നാനാമുഖമായ രീതിയിൽ സഹകരണസംഘങ്ങൾ നിലവിലുണ്ടു്. ഈ സംഘങ്ങളെല്ലാം തന്നെ ആദ്യഘട്ടത്തിൽ ശ്രദ്ധ കൊള്ളിച്ചിരുന്നതു് യൂണിയനുകളാണു്. ഒരു സഹകരണസംഘം രജിസ്റ്റർ ചെയ്യണമെങ്കിൽ ആദ്യമായി ആ താലൂക്കിലുള്ള യൂണിയനിൽ അപേക്ഷകം കൊടുക്കണം. അപേക്ഷകിട്ടിയാൽ യൂണിയനിൽനിന്നും അതിനെപ്പറ്റിയുള്ള അന്വേഷണം നടത്തും. സഹകരണസംഘം നടത്തുന്നതിനുവേണ്ട കഴിവുണ്ടോയെന്നും, ആവശ്യമായ സാമ്പത്തികശേഷിയുണ്ടോയെന്നും, ഇതു് തുടർന്നുനടത്തിക്കൊണ്ടുപോകുന്നതിനുള്ള സാഹചര്യമുണ്ടോയെന്നും അന്വേഷിച്ചു് രജിസ്ട്രേഷൻ കൊടുക്കുന്നതിനും റക്കമെൻഡേഷൻ ചെയ്യുന്നതിനുള്ള അവകാശം യൂണിയനായിരുന്നു. അതുപോലെതന്നെ സഹകരണസംഘങ്ങൾ ആഡിറ്റു ചെയ്യുന്നതിനുള്ള അവകാശവും യൂണിയനിലായിരുന്നു നിക്ഷിപ്തമായിരുന്നതു്. കാലക്രമത്തിൽ സഹകരണപ്രസ്ഥാനങ്ങൾ വിപുലീകൃതമായതോടുകൂടി യൂണിയനുകൾക്കു് അതിൽ കാര്യമായിട്ടുള്ള പ്രവർത്തനങ്ങൾ ചെയ്യാൻ സാധിക്കാതെവന്നു. മുമ്പു കിട്ടിക്കൊണ്ടിരുന്ന സഹായങ്ങളോ ഗ്രാന്റോ മറ്റു വിധത്തിലുള്ള സാമ്പത്തികസഹായങ്ങളോ കിട്ടാതെവന്നു. വളരെ അഭിവൃദ്ധിയിൽ നടത്തിവന്നിരുന്ന യൂണിയനുകളും തുച്ഛമായിട്ടുള്ള ഗ്രാന്റുകൊണ്ടുമാത്രം നടത്തേണ്ടിവന്നു. അതിന്റെ ഫലമായി സഹകരണപ്രസ്ഥാനങ്ങളുടെ എണ്ണവും കുറയാൻ തുടങ്ങി. അതിനു് പ്രോത്സാഹനം കൊടുക്കുന്നതിനു് വിദ്യാഭ്യാസപരമായ ഉപദേശങ്ങൾ കൊടുക്കുകയും മീറ്റിംഗുകൾ വിളിച്ചുകൂട്ടി പ്രചരണങ്ങൾ കൊടുക്കുകയും ചെയ്യേണ്ടതാവശ്യമാണു്. കാര്യമായി പ്രവർത്തിക്കാനുള്ള സാമ്പത്തികശേഷിയില്ലാത്ത യൂണിയനുകളുണ്ടു്. ആ യൂണിയനുകൾ മുന്നോട്ടു കൊണ്ടുപോകുന്നതു് ആശാവഹമല്ല. ഒരു താലൂക്കിലുള്ള സഹകരണസംഘങ്ങളെല്ലാം തന്നെ അവിടത്തെ യൂണിയനെ ആശ്രയിച്ചുനില്ക്കുകയാണെങ്കിൽ, ആ സഹകരണസംഘങ്ങളുടെ മേൽ അധികാരം ചെലുത്താനുള്ള ഉപദേശം യൂണിയനു് കൊടുക്കുന്നതു് പ്രയോജനകരമാണു്. ഇന്നുള്ള മനസ്ഥിതി മാറി യൂണിയനു് സുപ്രധാനമായ ഒരു പങ്കു് വഹിക്കത്തക്കവണ്ണം ആവശ്യമായ ഭേദഗതികൾ ഈ ആക്ടിൽ ചെയ്യേണ്ടതു് വളരെ ആവശ്യമാണെന്നാണു് എന്റെ അഭിപ്രായം.

മറ്റൊന്നു് ക്രെഡിറ്റു സൊസൈറ്റിയെ സംബന്ധിച്ചുനോക്കുമ്പോൾ അവയ്ക്കു് വളരെ പ്രാധാന്യം കൊടുക്കേണ്ടതാണു്. കൃഷിയെസംബന്ധിച്ചു് അവ പ്രോത്സാഹിപ്പിക്കണമെന്നു ഉപദേശിക്കുന്നതോടൊപ്പംതന്നെ ക്രെഡിറ്റു സൊസൈറ്റിയിൽക്കൂടി കൊടുക്കുന്ന കടങ്ങൾ ശരിയാംവണ്ണം പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടിക്രമംകൂടി സ്വീകരിക്കണം. പല സൊസൈറ്റികളിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. മാസ്ക്കരൻ നായർ]

നിന്നും കടം എടുക്കാൻ സാധിക്കാതെവരുന്നു. അതിനുള്ളകാരണം ഒരു സൊസൈറ്റിയിൽനിന്നും ഇരുപതു് അംഗങ്ങൾ കടം എടുത്തിട്ടുണ്ടെങ്കിൽ അവർ എല്ലാവരും യഥാവസ്സരം കടം തിരിച്ചടച്ചാലേ പിറ്റെപ്രാവശ്യം അവർക്കു് കടം എടുക്കാൻ സാധിക്കുകയുള്ളു. നേരെമറിച്ചു് ഇരുപതു് അംഗങ്ങളിൽ പതിനഞ്ചുപേർ ശരിക്കു് തിരിച്ചടയ്ക്കുകയും ബാക്കിയുള്ളവർ വീഴ്ച വരുത്തുകയുംചെയ്താൽ അടുത്തപ്രാവശ്യം ഇതിലാക്കുംതന്നെ ആ സൊസൈറ്റിയിൽനിന്നും കടം എടുക്കാൻസാധിക്കുകയില്ല. ആ സൊസൈറ്റിക്കു് മുപ്പതിൽ കുറവായ കുടിശ്ശികയുണ്ടെങ്കിൽ മാത്രമേ കടം ലഭിക്കുകയുള്ളു. ഇതിന്റെഫലമായി കണിശമായി കടം തിരിച്ചടയ്ക്കുന്ന ആളുകൾക്കുപോലും അവർക്കു് ആവശ്യമായ സമയത്തു കടം കിട്ടാതെവരും. അതുകൊണ്ടു് ഈ ആക്ടിൽ പ്രത്യേകമായി വരുത്താനുള്ള ഒരു ഭേദഗതി, കുടിശ്ശികയില്ലാതെ കണിശമായി കടം തിരിച്ചടയ്ക്കുന്നആളുകൾക്കു് വീണ്ടും കടംകിട്ടാനുള്ള സാഹചര്യം ഉണ്ടാക്കുകയെന്നതാണു്. കൃഷിക്കു് വേണ്ടി ആവശ്യമനുസരിച്ചു് ഉള്ള വളമോ വിത്തോ മറ്റു ചിലവുകൾക്കു് വേണ്ടിയുള്ള പണമോ തക്കസമയത്തു് കൊടുക്കുന്നെങ്കിലേ കൃഷിചെയ്യാനുള്ള സാഹചര്യം ഉണ്ടാക്കുകയുള്ളു. അതുകൊണ്ടു് ഇന്നു് ഇരിക്കുന്നനിയമത്തിൽ ഇത്തരത്തിലുള്ള ഒരു ഭേദഗതി വരുത്തേണ്ടതു് വളരെ ആവശ്യമാണു്.

മറ്റൊരുകാര്യം ഇതിനെപ്പറ്റി എനിക്കു് പറയുവാനുള്ളതു് കോവാപ്പറേറ്റീവു് സൊസൈറ്റികളിലും മറ്റെല്ലാത്തരംകളിലും അക്കൗണ്ടു് കാര്യങ്ങളിലുള്ളതുപോലെ ഫൈനാൻഷ്യൽ ഈയർ ഏപ്രിൽ 1—ാംതീയതിമുതൽ മാർച്ചു് 31—ാംതീയതവരെ ആയിരിക്കണമെന്നുള്ളതാണു്. ഇവിടെ ചീഫു് വിപ്പു് പറഞ്ഞതുപോലെ ഇതിൽമാത്രം വ്യത്യാസം വരുത്തുന്നതിനുള്ള കാരണം എന്താണെന്നു മനസ്സിലാക്കുന്നില്ല. എല്ലാ കാര്യങ്ങളിലും ഫൈനാൻഷ്യൽ ഈയർ ഏപ്രിൽ 1—ാംതീയതിമുതൽ മാർച്ചു് 31—ാംതീയതിവരെ എന്നു് വെച്ചിരിക്കുന്നതുപോലെ സഹകരണസംഘങ്ങളുടെ അക്കൗണ്ടു് കാര്യത്തിലും ഫൈനാൻഷ്യൽ ഈയർ ഏപ്രിൽ 1—ാംതീയതിമുതൽ മാച്ചു് 31ാം—ാംതീയതിവരെ ആക്കുന്നതിനുള്ള ഒരു ഭേദഗതി ഈ ആക്ടിൽ കൊള്ളിക്കുന്നതു് നല്ലതാണോയെന്നു് ആലോചിക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. ഇങ്ങനെയുള്ള കാര്യങ്ങളും സെലക്ടുകമ്മിറ്റി പര്യാലോചിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ശ്രീ. കെ. കെ. വിശ്വനാഥൻ : സർ, ഈ ബിൽ സെലക്ടുകമ്മിറ്റിക്കയക്കണമെന്നുള്ള പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഈ ബില്ലിലെ ചിലകാര്യങ്ങളും ഇവിടെ പ്രത്യേകം പൂരിപ്പിക്കാണിക്കേണ്ടതു് വളരെ ആവശ്യമാണു്. ഇതിനുമുമ്പുണ്ടായിരുന്ന സഹകരണനിയമത്തിലെ ചില വകുപ്പുകളും ഇതിൽ കാണുന്നില്ല. സർ, ഈ ബില്ലിൽ മുമ്പുണ്ടായിരുന്നതിനെക്കാളും പല കാര്യങ്ങളുംകൊണ്ടും സഹകരണരംഗങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള വകുപ്പുകളും ഉണ്ടെങ്കിലും, മുമ്പുണ്ടായിരുന്ന സഹകരണനിയമത്തിലുണ്ടായിരുന്ന ചില കാര്യങ്ങളും ഇതിൽ വിട്ടുപോയതായി കാണുന്നു. അതിൽ ചിലതുംകൂടി ഇതിൽ ഉൾപ്പെടുത്തണമെന്നാണു് എനിക്കു് തോന്നുന്നതു്. ഒന്നു്, ഈ സഹകരണസംഘങ്ങളുടെ പേരിനെസംബന്ധിച്ചുള്ളതാണു്. തിരുവിതാംകൂർ കൊച്ചി സഹകരണസംഘബിൽ സെലക്ടുകമ്മിറ്റിക്കു് വന്ന അവസരത്തിൽ ഈ രാജ്യത്തു് അനേകം സഹകരണസംഘങ്ങളിൽ സമുദായങ്ങളുടെ പേരു് ഉപയോഗിക്കുന്നതായി കണ്ടതിന്റെ ഫലമായിട്ടു്, സമുദായങ്ങളുടെ പേരു് മേലാൽ സഹകരണസംഘങ്ങളിൽ ഉപയോഗിക്കാൻ പാടില്ലെന്നു് ആ നിയമത്തിൽ പ്രത്യേകം എഴുതിവെച്ചിരുന്നു. തിരുകൊച്ചിയിലെ അധികം സഹകരണസംഘങ്ങളും പ്രത്യേകം സമുദായങ്ങളുടേതായി രൂപം കൊള്ളുകയും ആ സമുദായങ്ങളുടെ പേരു് അതിനോടുകൂടി ഉട്ടിച്ചേർക്കുകയും ചെയ്തു. അതു് സഹകരണപ്രസ്ഥാനങ്ങളുടെ വളർച്ചക്കു് യോജിച്ചതല്ലെന്നു് കണ്ടതുകൊണ്ടാണു് ഇങ്ങനെ ഒരു വകുപ്പുതന്നെ എഴുതിച്ചേർത്തതു്. ഈ ബില്ലിൽ പ്രത്യേകം സമുദായങ്ങൾക്കുവേണ്ടി സഹകരണസംഘങ്ങൾ ഉണ്ടാക്കാൻ പാടില്ലെന്നു് പ്രത്യേകമുണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

ഹരിജനങ്ങൾക്കും ട്രൈബ്സിനും ഉള്ള സഹകരണസംഘങ്ങളും ഒഴിച്ച് പ്രത്യേകമായ സമുദായപ്പേരു് ഉപയോഗിക്കാൻ പാടില്ലെന്നു് പറഞ്ഞിട്ടുണ്ടു്. പക്ഷെ സമുദായങ്ങളുടെ പേരു് ഉപയോഗിക്കാൻ പാടില്ലെന്നു് പ്രത്യേകമായി പറഞ്ഞിട്ടില്ല. അതുകൊണ്ടു് ഉണ്ടാകാൻ പോകുന്നതു്, പഴയനിയമം വരുന്നതിനു മുമ്പുണ്ടായിരുന്ന പേരുകൾ വീണ്ടും വരികയെന്നുള്ളതായിരിക്കും. അതുകൊണ്ടു് ഇങ്ങനെയൊരുവകുപ്പു് ആവശ്യമാകുന്നതാണെന്നു് ഞാൻ കരുതുന്നതു്.

മറ്റൊരു പ്രധാനസംഗതി ഫാമിംഗ് സൊസൈറ്റിയെപ്പറ്റി പഴയ നിയമത്തിൽ ഒരു ചാപ്റ്റർതന്നെ ഉൾപ്പെടുത്തിയിരുന്നു. അതു് ഈ പുതിയ നിയമത്തിൽ കാണുന്നില്ല.

11 a. m.] Mr. Speaker: Order, Order. Today is Martyrs' Day and We will stand up now in silence for two minutes.

[The Assembly stood in silence for two minutes at 11 a.m, in memory of those who laid down their lives in the struggle for India's freedom.]

Mr. Speaker : Order. Order.

ശ്രീ. കെ. കെ. വിശ്വനാഥൻ: കൂട്ടുകൃഷിസഹകരണസംഘങ്ങളും സംഘടിപ്പിക്കണമെന്നുണ്ടെങ്കിൽ ഒരു പ്രത്യേക ഏരിയായിലുള്ള കൃഷിക്കാരെ ചേർത്തു് സംഘം ഉണ്ടാക്കണമെന്നതന്നെ പറഞ്ഞിരുന്നു. ആ ഏരിയായിലുള്ള എല്ലാ കൃഷിക്കാരെയും ഉൾപ്പെടുത്തി സംഘം ഉണ്ടാക്കണമെന്നു പറഞ്ഞാൽ അതൊരുപക്ഷേ പ്രായോഗികമായിരിക്കുകയില്ല. അതുകൊണ്ടു് ആ ഏരിയായിലുള്ള മുക്കാൽ ഭാഗം കൃഷിക്കാരെങ്കിലും ചേർന്നിട്ടുള്ള സംഘമാണെങ്കിൽ മറ്റുള്ള ആളുകൾക്കുകൂടി അതിൽ വരത്തക്കരൂപത്തിൽ സംഘം ഉണ്ടാക്കാമെന്നാണു് അതിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു്. അങ്ങനെ കൂട്ടുകൃഷി സംഘങ്ങളെ സംബന്ധിച്ചു് പ്രത്യേകം ചെയ്തിട്ടില്ലെന്നുണ്ടെങ്കിൽ ഇതുപോലുള്ള സഹകരണസംഘങ്ങളും ഉണ്ടാക്കാൻ പ്രയാസമാണു്. എല്ലാവരുടേയും സമ്മതം കിട്ടിക്കൊണ്ടു് ചിലപ്പോൾ സഹകരണസംഘം ഉണ്ടാക്കാൻ സാധിക്കാതെ വരും. അതുകൊണ്ടാണു് അങ്ങനെയൊരു അദ്ധ്യായംതന്നെ അതിനായി പഴയ തിരു-കൊച്ചി സഹകരണനിയമത്തിൽ എഴുതിവച്ചതു്. അതു വിട്ടുപോയിരിക്കുമെന്നു ഞാൻ വിശ്വസിക്കുകയാണു്. അതേപ്പറ്റി സെലക്ട് കമ്മിറ്റി പരിഗണിക്കണമെന്നു ഞാനപേക്ഷിക്കുകയാണു്.

മറ്റൊരു പ്രധാനമാറ്റം ഇതിനു മുൻപുണ്ടായിരുന്ന സഹകരണനിയമത്തിൽ ചുരുങ്ങിയതു് 25 പേർ അപേക്ഷിച്ചാൽ മാത്രമേ സഹകരണസംഘം രജിസ്റ്റർ ചെയ്യാൻ പാടുള്ളു എന്നു് വ്യവസ്ഥയുണ്ടായിരുന്നു. അതു എടുത്തുകളഞ്ഞിട്ടു ചുരുങ്ങിയതു് പത്തുപേരെങ്കിലുമുണ്ടെങ്കിൽ സഹകരണസംഘം ആകുമെന്നു് പറഞ്ഞിരിക്കുന്നതാണു്. നമ്മുടെ രാജ്യത്തു് അനേകം സൊസൈറ്റികളും ഉണ്ടാകുന്നതിനെ തടയുവാൻ വേണ്ടിയാണു് 25 അംഗങ്ങളെങ്കിലും ചുരുങ്ങിയതു് വേണമെന്ന ഒരു ലിമിറ്റു വച്ചതു്. ഇതു് അംഗീകരിക്കുകയാണെങ്കിൽ ബോഗസ്സു് സൊസൈറ്റികളും ധാരാളമായി ഉണ്ടാവാൻ ഇടവരും. ഇതു് ഒരു കുടുംബത്തിൽപ്പെട്ട ആളുകൾക്കുതന്നെ വേണമെങ്കിൽ സൊസൈറ്റി ഉണ്ടാക്കാനും, ആ സൊസൈറ്റിമുഖേന ഇന്നു ഗവണ്മെൻറിൽനിന്നു് കിട്ടിക്കൊണ്ടിരിക്കുന്ന പല വിധത്തിലുള്ള ആനുകൂല്യങ്ങളും സമ്പാദിക്കാനും സാധിക്കും. അങ്ങനെ സഹകരണപ്രസ്ഥാനത്തെ ദുരുപയോഗപ്പെടുത്തരുതെന്നു കരുതിയാണു് ചുരുങ്ങിയതു് 25 പേരെങ്കിലും അംഗങ്ങളായിരിക്കണമെന്നു വ്യവസ്ഥവച്ചതു്. അതു മാറേണ്ട ആവശ്യം എന്താണെന്നു മനസ്സിലാകുന്നില്ല. അതുകൊണ്ടു് ഈ കാര്യം സെലക്ട്കമ്മിറ്റി പ്രത്യേകം പരിശോധിക്കേണ്ടതാണു്.

സർ, ഇവിടെ സഹകരണപ്രസ്ഥാനത്തിനു് കഴിയുന്നത്ര ഔദ്യോഗിക നിയന്ത്രണം പാടില്ലെന്നു പറയുന്നു. അനൗദ്യോഗികമായ ഒരു പ്രസ്ഥാനമെന്ന നിലയിൽ ഇതു് വളർന്നു വികസിക്കണമെന്നുള്ള കാര്യത്തെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

ആക്ഷം ആക്ഷേപമില്ല. പക്ഷേ ചില ഘട്ടങ്ങളിൽ ഗവണ്മെൻറ് ഇടപെടാതെ നിവൃത്തിയില്ലെന്നവരും. നമ്മുടെ രാജ്യത്തെ സഹകരണപ്രസ്ഥാനത്തിന്റെ ചരിത്രം നോക്കിക്കഴിഞ്ഞാൽ പല സഹകരണസംഘങ്ങളിലും പലവിധത്തിലുള്ള കുഴപ്പങ്ങൾ ഉണ്ടായിട്ടുള്ളതായി കാണാൻ സാധിക്കും. ആ കുഴപ്പങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടിയെങ്കിലും ഗവണ്മെൻറ് ശ്രദ്ധ ചെലുത്താതിരുന്നാൽ ഒരുപക്ഷേ സഹകരണപ്രസ്ഥാനത്തോട് ജനങ്ങൾക്കുള്ള വിശ്വാസം കുറയുകയും ആ പ്രസ്ഥാനംതന്നെ പരാജയപ്പെട്ടുപോകുകയുംചെയ്യും. അതുകൊണ്ട് ചില സന്ദർഭങ്ങളിൽ ഗവണ്മെൻറിന്റെ നിയന്ത്രണം വളരെ ആവശ്യമായിവരും. പക്ഷേ ഈ നിയമത്തിൽ കൂടുതൽ നിയന്ത്രണം ചെലുത്തി എന്നാണ് ആക്ഷേപം. എന്നാൽ കൂടുതൽ നിയന്ത്രണങ്ങൾ ചെലുത്തേണ്ടതു് ആവശ്യമാണെന്നു ഞാനും കരുതുന്നു. കഴിയുന്നത്ര അനൗദ്യോഗിക അംഗങ്ങളുടെ അഭിപ്രായങ്ങൾക്കു് പ്രാമുഖ്യം കൊടുത്തുകൊണ്ട് തന്നെയായിരിക്കണം ഈ സഹകരണപ്രസ്ഥാനത്തെ മുന്നോട്ടുകൊണ്ടുപോകേണ്ടതും. തീരെ നിവൃത്തിയില്ലാത്ത ഘട്ടങ്ങളിൽമാത്രം ഗവണ്മെൻറ് ഇടപെട്ട് എന്തെങ്കിലും കുറവുകളോ തെറ്റുകളോ ഉണ്ടെങ്കിൽ അതു പരിഹരിക്കുക എന്നുള്ള ഒരു നിലമാത്രം സ്വീകരിക്കേണ്ട തരത്തിൽമാത്രമേ നിയന്ത്രണം പാടുള്ള എന്ന നിലയിൽ ഇതിലെ വകുപ്പുകൾ ഭേദപ്പെടുത്തേണ്ടതാണു്.

മറ്റൊരു കാര്യം അമാൽഗമേഷനെ സംബന്ധിച്ചുള്ളതാണു്. രണ്ടോ അതിലധികമോ സഹകരണസംഘങ്ങളെ നിർബന്ധിപ്പിച്ചു് കൂട്ടിച്ചേർക്കാമെന്നു് വ്യവസ്ഥയുണ്ടു്. അതു ഗവണ്മെൻറ് ആഫ് ഇൻഡ്യ എടുത്തിരിക്കുന്ന ഒരു നയത്തിനു വിപരീതമാണു്. നിർബന്ധമായി ഒന്നിലധികം സഹകരണസംഘങ്ങളെ അമാൽഗമേറ്റു് ചെയ്യുന്നതു് തെറ്റാണെന്നാണു് അവരുടെ അഭിപ്രായം. പക്ഷേ ഈ ബില്ലിൽ നിർബന്ധമായി അങ്ങനെയൊരു വ്യവസ്ഥ വച്ചിട്ടുണ്ടു്. ചില സംഘങ്ങൾ ഏതെങ്കിലുമൊരു പരിതസ്ഥിതിയിൽ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി യോജിക്കേണ്ടതു് ആവശ്യമായിവന്നേക്കാം. പക്ഷേ അങ്ങനെ യോജിക്കുന്നതിനു് ഒരു നിർബന്ധം ചെലുത്തേണ്ടതു് ആവശ്യമാണോ എന്നുള്ള കാര്യം ആലോചിക്കേണ്ടതാണു്. ഒരു പരിതസ്ഥിതിയിൽ ഒരു സഹകരണസംഘംകൊണ്ടുമാത്രം അവിടത്തെ ആളുകളുടെ കാര്യം ഭംഗിയായി നിർവ്വഹിക്കുവാൻ കഴിയുമെന്ന വിചാരമുണ്ടെങ്കിൽ അവിടെ ഇന്നുള്ള ചില സംഘങ്ങൾ ഒന്നിച്ചുവരുന്നതു് നല്ലതായിരിക്കും. അതിനു് അവരെ പ്രേരിപ്പിക്കുക എന്നുള്ള ഒരു നിലപാടു് സ്വീകരിക്കാതെ ഗവണ്മെൻറ് നിർബന്ധമായി അവരെല്ലാംകൂടി ഏതെങ്കിലും തരത്തിൽ അമാൽഗമേറ്റു് ചെയ്യണമെന്നു പറയുന്നതു് ശരിയാണോ എന്നുള്ളതു് ആലോചിക്കേണ്ടതാണു്. പ്രത്യേകം പ്രത്യേകമായ സ്കീമുണ്ടാക്കി ആ സ്കീമിന്റെ അടിസ്ഥാനത്തിൽ സഹകരണസംഘം രൂപംകൊള്ളണം. ആ സ്കീമിനു് വിരുദ്ധമായി പോകാൻ പാടില്ലെന്ന നിയമം വച്ചുകഴിഞ്ഞാൽ ആ സ്കീമിനു വിരുദ്ധമായ നിലയിലുള്ള സംഘങ്ങൾ ആ സ്കീമിന്റെ പരിധിയിൽ വരത്തക്കരൂപത്തിൽ അമാൽഗമേഷൻ വേണ്ടിവരും. അങ്ങനെ അമാൽഗമേഷൻ നടത്താതിരിക്കുകയും ആ സ്കീമിനു വിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുന്ന സഹകരണസംഘങ്ങളുണ്ടെങ്കിൽ മിക്കവാറും അവയെ wind up ചെയ്യേണ്ടിവരും. അതുകൊണ്ട് അങ്ങനെ പ്രത്യേക സ്കീം ഉണ്ടാക്കുകയും, ആ സ്കീമിനു യോജിച്ചതരത്തിൽ അവർതന്നെ നിയന്ത്രിക്കേണ്ട നിലയിൽ പരിവർത്തനം ഉണ്ടാക്കുകയും ചെയ്യുന്ന തരത്തിലുള്ള ഒരു വകുപ്പ് വയ്ക്കുകയല്ലാതെ മറ്റൊരു തരത്തിൽ നിർബന്ധം ചെലുത്തേണ്ട ആവശ്യമില്ല. അമാൽഗമേഷൻകൊണ്ടുമാത്രമേ ആ സ്കീമിന്റെ പരിധിയിൽ വരുവാൻ സാധിക്കുകയുള്ള എന്നുണ്ടെങ്കിൽ അതു് തീർച്ചയായും ചെയ്യുമെന്നുള്ളതിൽ സംശയമില്ല. അതുകൊണ്ടു് മൊത്തത്തിൽ ഈ ബിൽ സഹകരണപ്രസ്ഥാനത്തിനു് കൂടെ അനുകൂലമാണെന്നുണ്ടെങ്കിലും ചില കാര്യങ്ങളിൽ കുറച്ചുകൂടി മാറ്റം ആവശ്യമാണെന്ന കാര്യത്തിൽ സംശയമില്ല. ഗവണ്മെൻറിനു് കൂടുതൽ കൂടുതൽ സഹായങ്ങൾ ചെയ്യാനുള്ള വ്യവസ്ഥ ഇതിനകത്തുണ്ടെങ്കിലും കൂടുതൽ സഹായം ചെയ്യണമെന്നുള്ള ഒരൊറ്റ കാരണംകൊണ്ടു് ഗവണ്മെൻറിന്റെ നിയന്ത്രണവും മറ്റുവിധത്തിലുള്ള പ്രേരണയും

LIBRARY ARCHIVES Kerala Legislative Assembly

ഇതിനകത്തു് ആവശ്യമാണെന്നു തോന്നുന്നില്ല. ഗവണ്മെന്റു് ഷെയർ എടുക്കുന്നു സംഗതിയിൽതന്നെ ഗവണ്മെന്റു് പ്രതിനിധികൾക്കു് വോട്ടവകാശമുണ്ടെന്നുള്ളതിൽ കവിഞ്ഞു് മറേറതെങ്കിലും വിധത്തിൽ, പ്രവർത്തനത്തെ നിയന്ത്രിക്കുന്ന തരത്തിൽ പോകുകയാണെങ്കിൽ അതു് സഹകരണപ്രസ്ഥാനത്തിനു് യോജിച്ചതായിരിക്കുകയില്ല.

നമ്മുടെ ഈ സംസ്ഥാനത്തു് അനേകം സഹകരണസംഘങ്ങളുണ്ടു്. പ്രത്യേകിച്ചു് ഗിരിവർഗ്ഗക്കാരുടെയിടയിലും ഹരിജനങ്ങളുടെയിടയിലുമുള്ള സഹകരണസംഘങ്ങളിൽ ഇന്നു വളരെയധികം അഴിമതികളും നടക്കുന്നുണ്ടു്. അതു് അംഗങ്ങളുടെ കുറവല്ല, മിക്കവാറും അക്ഷരാഭ്യാസമില്ലാത്ത ഗിരിവർഗ്ഗക്കാരുടെയിടയിൽ ആരെയെങ്കിലും സെക്രട്ടറി എന്നുപറഞ്ഞു് ഗവണ്മെന്റു് നിയമിക്കും. അവർ അവിടെ ചെന്നുകഴിഞ്ഞാൽ അവർ പറയുന്നതു് പ്രമാണമെന്ന നിലയിൽ പാവപ്പെട്ട ഗിരിവർഗ്ഗക്കാരെ ചൂഷണം ചെയ്യുകയാണു് ചെയ്യുന്നതു്. അവരെ ഏതുവിധത്തിലാണു് സഹകരണപ്രസ്ഥാനത്തിലേയ്ക്കു് ആകർഷിക്കേണ്ടതെന്നും അവരുടെ പ്രയോജനത്തിനുവേണ്ടി ഏതെല്ലാം വിധത്തിൽ പ്രവർത്തിക്കണമെന്നുമുള്ള വിചാരം അവരെ നയിക്കാൻ ചെല്ലുന്ന സെക്രട്ടറിമാർക്കോ മറേറാ യാതൊന്നുംതന്നെ ഉണ്ടാകുന്നില്ല. അങ്ങനെയുള്ള നിസ്സഹായരായ ജനവിഭാഗങ്ങളെ ഉണ്ടാക്കുന്ന സംഘങ്ങളെ, അവരുടെ നിസ്സഹായതയിൽനിന്നു് രക്ഷിക്കാൻ എന്തെങ്കിലും പ്രായോഗികമായ മാർഗ്ഗങ്ങൾ ഉണ്ടാക്കാൻ കഴിയുമോ എന്നുള്ളതിനെ സംബന്ധിച്ചു് സെലക്ടുകമ്മിറ്റി ആലോചിക്കേണ്ടതാണു്. അങ്ങനെ കുറച്ചു ഭേദഗതി ഈ നിയമത്തിൽ വരുത്തേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) : ബഹുമാനപ്പെട്ട മെമ്പർമാർ ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യങ്ങളെല്ലാംതന്നെ സെലക്ടുകമ്മിറ്റി പരിശോധിക്കുന്നതാണു്. ബില്ലിന്റെ തത്വത്തെ ബന്ധിക്കുന്ന ചില കാര്യങ്ങളും പരിശോധിച്ചു എന്നുവരികിലും മിക്കവാറും കാര്യങ്ങളും ഈ ബിൽ പാസ്സാക്കി ഗവണ്മെന്റിന്റെ ഭരണപരമായ നിയന്ത്രണത്തിൽ വരുമ്പോഴും ആലോചിക്കേണ്ട കാര്യങ്ങളാണു്. ഈ ബില്ലിന്റെ തത്വത്തെ ബന്ധിക്കുന്ന കാര്യങ്ങളിൽ രണ്ടു പ്രധാനപ്പെട്ട സംഗതികളാണു് ഇവിടെ ചൂണ്ടിക്കാണിച്ചതു്. ഒന്നു് ഗവണ്മെന്റിന്റെ ഫിനാൻഷ്യൽ കൺട്രോളിനെ ഉദ്ദേശിച്ചു് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും. രണ്ടാമതു് സഹകരണ യൂണിയൻ പ്രസ്ഥാനത്തിനു് ഇതിൽ എന്തു സ്ഥാനമുണ്ടായിരിക്കണം; യൂണിയന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനു് എന്തെല്ലാം ഏർപ്പാടുകളും ചെയ്യണം എന്നുള്ളതാണു്. ഈ രണ്ടു കാര്യങ്ങളാണു് ഈ ബില്ലിന്റെ അടിസ്ഥാനതത്വങ്ങളെ ബന്ധിക്കുന്ന കാര്യങ്ങളും. ടൈബ്യൂണലുകളെ നിയമിച്ച സംഗതിയെ സംബന്ധിച്ചു് ഇതിനുമുമ്പു് ചർച്ച ആരംഭിച്ച അവസരത്തിൽ ബഹുമാനപ്പെട്ട പല മെമ്പറന്മാരും ചൂണ്ടിക്കാണിച്ചു. പക്ഷേ പൊതുവേ ടൈബ്യൂണലുകളുടെ നിയമനത്തെ സ്വാഗതം ചെയ്യുകയാണു് ഉണ്ടായതു്. അടിസ്ഥാനപരമായ കാര്യങ്ങളായ ഗവണ്മെന്റിന്റെ കൺട്രോളും, യൂണിയന്റെ സ്ഥാനവും ആർബിട്രേഷൻ പ്രൊസീഡിയറിനെ ബന്ധിക്കുന്ന കാര്യം ടൈബ്യൂണലുകൾക്കു് വിട്ടുകൊടുത്തതു്, എന്നീ കാര്യങ്ങൾക്കു വേണ്ടി ഈ ബില്ലിൽ ചെയ്തിരിക്കുന്ന വ്യവസ്ഥ അപര്യാപ്തമാണെന്ന പറയുകയുണ്ടായി. അതു് സഹകരണസംഘത്തിന്റെ പ്രവർത്തനത്തിനു് കൂടുതൽ വിഘാതമായി വരുത്തക്കവണ്ണം കർശനമാണോ എന്നുള്ള കാര്യം സെലക്ടുകമ്മിറ്റിക്കു് പരിശോധിക്കാവുന്നതാണു്, തീരുമാനം എടുക്കാവുന്നതാണു്. ഗവണ്മെന്റു് ഈ ബിൽ തയ്യാറാക്കിയിട്ടുള്ളതു് കേന്ദ്രഗവണ്മെന്റിന്റെ ചില മാഡൽ നിയമത്തിന്റെ അടിസ്ഥാനത്തിലാണു്. നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേക പരിതസ്ഥിതിയിൽ ഇതുവരെയുള്ള സഹകരണപ്രസ്ഥാനത്തിന്റെ പ്രവർത്തനംമൂലം ലഭിച്ചിട്ടുള്ള അനുഭവം വച്ചുകൊണ്ടു് എന്തെല്ലാം ഭേദഗതികളും ചെയ്യണമെന്നുള്ള കാര്യത്തെപ്പറ്റി സെലക്ടുകമ്മിറ്റിക്കു് സ്വതന്ത്രമായി തീരുമാനിക്കാം. ഗവണ്മെന്റിനു് ഇക്കാര്യത്തിൽ ഒരു നിർബന്ധമായ നിലപാടില്ലെന്ന കാര്യം ഞാൻ ഈ അവസര

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

ത്തിൽ ചൂണ്ടിക്കാണിക്കുകയാണു്. പക്ഷേ ഒരു വസ്തുത നിയന്ത്രണങ്ങളെ സംബന്ധിച്ചു് ആലോചിക്കുമ്പോഴും വിസ്മരിച്ചുകൂടാ. റിസർവു് ബാങ്കു് ആവശ്യമുള്ളിടത്തോളം പണം കാർഷിക വായ്പയിനത്തിൽ തന്നുകൊണ്ടിരിക്കുകയാണു്. അങ്ങനെ പണം തരുന്ന ഒരാളിനു് കൂടെ നിയന്ത്രണം വേണമെന്നു് ആവശ്യപ്പെടുന്നതു് നിഷേധിക്കാൻ സാദ്ധ്യമല്ല. ഇന്നു ഇതു സംബന്ധിച്ചുതന്നെ ചില നിയമങ്ങളും എല്ലാ സംസ്ഥാനങ്ങളുടെയും ബാധകമാകത്തക്കവിധത്തിൽ കേന്ദ്ര റിസർവ്വു് ബാങ്കിന്റെ നിയമത്തിൽ ചില ഭേദഗതികളും വരുത്തുന്നതിനുള്ള ആലോചനകളുംപോലും നടന്നുകഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് ഈവക നിയന്ത്രണങ്ങളെ പരിപൂർണ്ണമായി എടുത്തുകളയുവാൻ നിവൃത്തിയില്ല. പക്ഷേ സഹകരണസംഘങ്ങളുടേയും പൊതുവേ സഹകരണപ്രസ്ഥാനത്തിന്റെ പ്രവർത്തനത്തേയും ബാധിക്കാത്ത വിധത്തിൽവേണ്ട അയവു് വരുത്തി ഭേദഗതി നിർദ്ദേശിക്കാവുന്നതാണു്. സെലക്ടുകമ്മിറ്റിക്കു് അതു പരിശോധിക്കാവുന്നതാണു്. യൂണിയന്റെ സാമ്പത്തികസ്ഥിതിയെ സംബന്ധിച്ചും യൂണിയൻ പ്രവർത്തനത്തെ ശക്തിപ്പെടുത്തുന്നതിനെ സംബന്ധിച്ചും മറ്റുമുള്ള കാര്യങ്ങളിൽ വേണ്ട വ്യത്യാസം വരുത്താവുന്നതാണു്. പക്ഷേ ഈ നിയമത്തിൽ എന്തെല്ലാം ഭേദഗതികൾ വരുത്തണമെന്ന കാര്യം സെലക്ടുകമ്മിറ്റി റിപ്പോർട്ടിനുശേഷം സഭയ്ക്കു് ചർച്ച ചെയ്യാവുന്നതും വേണ്ട തീരുമാനം എടുക്കാവുന്നതുമാണു്. ശ്രീ. നാരായണക്കുറുപ്പു് ആഡിറ്റിന്റെ കാര്യത്തെപ്പറ്റി പറഞ്ഞു. അതു് കേവലം ഭരണപരമായ നിയന്ത്രണംകൊണ്ടു് പരിഹാരം കാണാവുന്ന ഒരു സംഗതിയാണു്. പിന്നെ ഡപ്യൂട്ടി രജിസ്ട്രാരോ അസിസ്റ്റൻറു് രജിസ്ട്രാരോ സെക്രട്ടറിയായിരിക്കുന്ന കോവാപ്പറേറ്റീവു് സൊസൈറ്റികളും പരിശോധിക്കുവാൻ പോകുന്നതു് ജൂനിയർ കോവാപ്പറേറ്റീവു് ഇൻസ്പെക്ടർമാരായിരിക്കുമെന്നുള്ളതിൽ കുറെ വൈരുദ്ധ്യം ഉണ്ടു്. ആ കാര്യങ്ങളും ഈ ബില്ലിൽതന്നെ നിയന്ത്രിക്കാവുന്നതാണു്. ഭരണപരമായ ചില നിർദ്ദേശംകൊണ്ടു് വരുത്താവുന്ന ഭേദഗതിയേയുള്ളു. ഈ കാര്യങ്ങളിൽ ഈ ബിൽ പാസ്സാക്കിയതിനുശേഷം ചട്ടങ്ങളും ഉണ്ടാക്കുമ്പോഴും വേണ്ടവിധത്തിൽ ആലോചിച്ചു് വേണ്ട വ്യവസ്ഥകളും ഇതിൽ ഉൾക്കൊള്ളിക്കാൻ കഴിയും. അതുകൊണ്ടു് ഈ ബിൽ സെലക്ടുകമ്മിറ്റിക്കയക്കണമെന്നുള്ള എന്റെ പ്രമേയത്തെ ബഹുമാനപ്പെട്ട സഭ പാസ്സാക്കിത്തരണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

[Deputy Speaker in the Chair]

Deputy Speaker: There is an amendment moved by Shri K. Krishna Pillai. The Member is not in his seat.

The question is that the Kerala Co-operative Societies Bill,1963, be referred to a Select Committee consisting of the following Members:

1. Shri P. Kumaran.
2. ,, P. C. Balakrishnan Nambiar.
3. ,, M. Ravindranath.
4. ,, T. A. Dharmaraja Iyer.
5. ,, K. T. Thomas.
6. ,, Parayil Shamsuddin.
7. ,, P. S. Sreenivasan.
8. ,, E. M. Sankaran Namboodiripad.
9. ,, P. Ravindran.
10. ,, K. Moideenkutty Hajee.
11. ,, M. Krishnan.
12. ,, Ponnara G. Sreedhar.
13. ,, M. A. Antony.
14. ,, K. R. Vijayan

-and the Mover.

LIBRARY ARCHIVES Kerala Legislative Assembly

The Motion was put and carried.

The Bill was referred to the Select Committee.

Shri T. A. Thomman: Madam, before going to the next item I would like to inform that it is necessary for the Speaker to announce the name of the Chairman of the Select Committee.

Deputy Speaker: The Mover will be the Chairman of the Select Committee.

THE KERALA VETERINARY PRACTITIONERS BILL, 1963.

Minister for Food and Agriculture (**Shri E. P. Poulose**): Madam, I move that the Kerala Veterinary Practitioners Bill, 1963, be referred to a Select Committee consisting of the following Members:-

1. Shri M. Gopalankutty Nair.
2. ,, Maleth Gopinatha Pillai.
3. ,, Vayala Idiculla.
4. ,, T. Murugesan.
5. ,, P. R. Francis.
6. ,, K. M. George and the Mover.

Madam, the object of the Bill is to regulate the practice of the veterinary practitioners on lines similar to those existing in the allied professions. At present there is no agency to control and regulate the practice of the profession or to maintain a register of practitioners. Therefore, it was considered necessary to introduce this Bill for this purpose. This Bill may be referred to the above Select Committee.

Shri K. Kunhambu: I second the motion.

Deputy Speaker: Two amendments have been received, one from Shri P. Ramunni Kurup and the other from Shri T. A. Thomman for referring the Bill to a Select Committee. It is the same as the motion that has been moved by the Minister. So Shri Thomman need not move his Motion but can speak.

ശ്രീ. ടി. എ. തൊമ്മൻ : ഈ ബില്ല് സെലക്ട് കമ്മിറ്റിയ്ക്കയക്കണമെന്നുള്ള പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ സെലക്ട് കമ്മിറ്റി അംഗങ്ങളുടെ പേരു വായിച്ചുകേട്ടതിൽ മറ്റു മൂന്നു കക്ഷികളിലേയും അംഗങ്ങളുടെ പേരുകളില്ല. അവരുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി സെലക്ട് കമ്മിറ്റിയുടെ ലിസ്റ്റ് ഉണ്ടാക്കേണ്ടതാണെന്ന് എനിക്ക് അഭിപ്രായമുണ്ട്.

Shri. E. P. Poulose : Since they are not here they are not included.

ശ്രീ. ടി. എ. തൊമ്മൻ : സാധാരണ ഇങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ച് പ്രോപ്പർ ചാനൽകൂടി നോക്കേണ്ടതാണ്.

ശ്രീ. ജോജ്ജ് ജോസഫ് പൊടിപ്പാറ : ഇതിനു മുമ്പത്തെ ബില്ലിൽ പി. എസ്. പി. യോട് സെലക്ട്കമ്മിറ്റിയിൽ വരണമെന്നു പറഞ്ഞപ്പോൾ വരുകയില്ല എന്നു പറഞ്ഞു, കമ്മ്യൂണിസ്റ്റു പാർട്ടിയോട് ചോദിച്ചപ്പോൾ വരുകയില്ലെന്നു പറഞ്ഞു. അപ്പോൾപിന്നെ ഏതാണ് പ്രോപ്പർ ചാനലെന്ന് മനസ്സിലാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly